പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2187 09/03/2018-ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായി വകയിരുത്തിയ തുക**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.എ.പി. അനിൽ കുമാർ :</td><td colspan="2">ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)</td></tr>
<tr><td>(എ)</td><td>2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പട്ടികവർഗ്ഗ വികസനത്തിനായി എന്ത് തുക വകയിരുത്തിയിരുന്നുവെന്നും അതിൽ എന്ത് തുക 2017 ഡിസംബർ 31 വരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;</td><td>(എ)</td><td>പട്ടികവർഗ്ഗ വികസനത്തിനായി 2017-18 സാമ്പത്തിക വർഷം വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും (ഡിസംബർ 31 വരെ) ചുവടെ ചേർക്കുന്നു.<br><table>
<tr><th>വകുപ്പുകൾ</th><th>വകയിരുത്തിയ തുക (തുക കോടി)</th><th>ചെലവഴിച്ച തുക (തുക കോടി)</th></tr>
<tr><td>പട്ടികവർഗ്ഗ വികസന വകുപ്പ്</td><td>583.64</td><td>229.39</td></tr>
<tr><td>തദ്ദേശ സ്വയം ഭരണ വകുപ്പ്</td><td>176.02</td><td>52.29</td></tr>
<tr><td>ഗ്രാമ വികസന വകുപ്പ്</td><td>75.99</td><td>7.99</td></tr>
<tr><td>പി.ഡബ്ല്യു.ഡി</td><td>48</td><td>8.61</td></tr>
<tr><td>എൻ.ആർ. എൽ.എം</td><td>6.37</td><td>0</td></tr>
<tr><td>കിർത്താഡ്സ്</td><td>2.9</td><td>0.93</td></tr>
<tr><td>ആകെ</td><td>892.92</td><td>299.22</td></tr>
</table></td></tr>
<tr><td>(ബി)</td><td>പട്ടികജാതി വികസനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന തുക എത്രയാണ്; അതിൽ എന്ത് തുക 2017 ഡിസംബർ 31 വരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;</td><td>(ബി)</td><td>പട്ടികജാതി വികസനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി സംസ്ഥാന പദ്ധതികൾക്കായി 1427.60 കോടി രൂപയും കേന്ദ്രാവിഷ്കൃതപദ്ധതികൾക്കായി 461.50 കോടി രൂപയും, ഗ്രാന്റ്-ഇൻ-എയ്ഡായി എൽ.എസ്.ജി.ഡി.ക്ക് 1172.05 കോടി രൂപയും വകയിരുത്തിയിരുന്നു. 2017-18</td></tr>
</table>

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷത്തിൽ ഡിസംബർ 31 വരെ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംസ്ഥാനതല ക്ഷേമ പദ്ധതികൾക്കായി 515.22 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 175.43 കോടി രൂപയും, തദ്ദേശ സ്വയംഭരണ വകുപ്പുമുഖേന നടപ്പലാക്കുന്ന എസ്.സി.പി. പദ്ധതികൾക്കായി 321.10 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| **(സി)** | പദ്ധതി വിഹിതം കാലേക്കൂട്ടി ചെലവഴിക്കുന്നതിനും അനുവദിച്ച തുക ലാപ്സ് ആകുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിനും വകുപ്പിലുണ്ടാക്കിയിട്ടുള്ള സംവിധാനം എന്താണ്; | **(സി)** | പട്ടികവർഗ്ഗക്കാർക്കായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഫണ്ട് ലാപ്സാകാതിരിക്കുന്നതിനും വേണ്ടി ഡയറക്ടറേറ്റ് തലത്തിൽ വീഡിയോ കോൺഫറൻസുകളും ഫീൽഡ് ഓഫീസർമാരെ ഉൾപ്പെടുത്തികൊണ്ടുള്ള പദ്ധതി അവലോകനയോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ഡയറക്ടറേറ്റിലെ നിയന്ത്രണോദ്യോഗസ്ഥർ ജില്ലാ ഓഫീസുകൾ സന്ദർശിച്ച് പദ്ധതി അവലോകനം നടത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതികനേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ടും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും വിലയിരുത്തുന്നുണ്ട്.<br><br>ഇതിനുപുറമെ സംസ്ഥാന തലത്തിൽ ബഹു.മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തി വരുന്നു.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി ഫണ്ട് ലാപ്സാകാതിരിക്കാൻ വേണ്ടി ജില്ലാ ആസൂത്രണ സമിതിയോഗങ്ങളിൽ അവലോകനം നടത്താറുണ്ട്.<br><br>പട്ടികജാതി വിഭാഗത്തിലെ ക്ഷേമ പദ്ധതികൾക്കായി ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള തുക മുഴുവൻ ചെലവഴിക്കുന്നത് ഉറപ്പുവരുത്തുന്നതിനായി ഓരോ പദ്ധതിയുടെയും പുരോഗതി മാസംതോറും ജില്ലാ ഓഫീസർമാരുടെ മീറ്റിംഗിൽ അവലോകനം ചെയ്യുന്നു. കൂടാതെ ഡയറക്ടറേറ്റ് തലത്തിൽ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ഏജൻസികളുടെ മീറ്റിംഗ് വിളിച്ച് പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ചും ടി പദ്ധതികളിൽ വന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ മാറ്റിനല്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നു. ബഹു.വകുപ്പുമന്ത്രി ആഴ്ചതോറും ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | പദ്ധതികളുടെ റിവ്യൂ മീറ്റിംഗ് നടത്തി പദ്ധതി പൂർത്തീകരണത്തിനായി നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധി പട്ടികവർഗ്ഗവിഭാഗത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വിഘാതം സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ